പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1080.

4.12.2014 -ൽ
മറുപടിയ്ക്ക്

## നൈപുണ്യ വികസന പദ്ധതി.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി. | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന നൈപുണ്യ വികസന പദ്ധതിക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | ഉ ണ്ട്. അസാപ് പദ്ധതിയുടെ നടത്തിപ്പിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് 100 മില്ല്യൺ അമേരിക്കൻ ഡോളേഴ്സിന്റെ വായ്പ കേന്ദ്ര സർക്കാർ വഴി നൽകുന്നതിനുള്ള വായ്പ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | നൈപുണ്യവികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | ഹയർ സെക്കന്ററി സ്കൂളിലേയും കോളേജിലേയും വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയാണ് അസാപ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അടിസ്ഥാന വിവര സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലും വിവിധതരം സ്കിൽ കോഴ്സുകളിലും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. |
| (സി) | ഇതിന്റെ ഭാഗമായി നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിക്കേറ്റീവ് സ്കിൽ പാർക്കുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിക്കേറ്റീവ് സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി എം.എൽ.എ. മാരുടെ സഹകരണത്തോടുകൂടി വിവിധ നിയോജക മണ്ഡലങ്ങളിൽ കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതിനായി ഇതിനകം എത്ര മണ്ഡലങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട് ; | (ഡി) | ഇതുവരെ 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുകയെന്ന് വ്യക്തമാക്കുമോ ? | (ഇ) | 15000 മുതൽ 20,000 ചതുരശ്ര അടി വിസ്തീർണമുള്ള സ്കിൽ ട്രയിനിംഗ് സെന്ററുകളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവയിൽ ഹെവി മെഷിനറി, ഐ.ടി, പ്രിവിഷൻ, ആക്ടിവിറ്റി എന്നിവ അടിസ്ഥാനമാക്കിയ തൊഴിൽ പരിശീലനത്തിന് സൗകര്യമുണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ